KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.2 Issue.9 September 2022

# Mission 100 Days വൻ വിജയമാക്കാൻ കേരള ബാങ്ക് പൊതുയോഗം തീരുമാനിച്ചു








കേരള ബാങ്കിന്റെ കുടിശികനിവാരണ പദ്ധതിയായ Mission 100 days വൻ വിജയമാക്കാൻ കേരള ബാങ്കിന്റെ വാർഷിക പൊതുയോഗം തീരുമാനിച്ചു. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാനസഹകരണ ബാങ്കും ലയിച്ച് കേരള ബാങ്ക് ആയപ്പോൾ ഉണ്ടായിരുന്ന ഭീമമായ സഞ്ചിത നഷ്ടം പരമാവധി കുറച്ച് റിസർവ് ബാങ്ക് നിബന്ധനകൾക്ക് അനുസൃതമായി ബാങ്കിനെ ലാഭത്തിൽ എത്തിക്കാനുള്ള പ്രവർത്തനമാണ് ഈ കർമ്മപദ്ധതിയിലൂടെ നടത്തുന്നതെന്ന് കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടമുറിക്കൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

നിലവിൽ 100 ശതമാനം കരുതൽ വെച്ച നിഷ്ക്രിയ ആസ്തി 1118. 44 കോടി രൂപയാണ്. ഇതിന്റെ 50 ശതമാനമായ ചുരുങ്ങിയത് 600 കോടി രൂപ സമാഹരിക്കാൻ ഈ കർമ്മപദ്ധതി അവസാനിക്കുന്ന നവംബർ 8-ഓടെ സാധിക്കുമെന്ന് അദ്ദേഹം പൊതുയോഗത്തെ അറിയിച്ചു.

സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും രോഗികളും നിരാലംബരുമായ 35ൽ അധികം ഇടപാടുകാരുടെ കുടിശ്ശിക ആയ വായ്പകൾ ജീവനക്കാർ മുൻകൈയെടുത്ത് കുടിശ്ശിക അടച്ച് പ്രമാണം തിരികെ നൽകിയത് സഹകരണ മേഖലയിലെ ഏറ്റവും വലിയ സാമ്പത്തിക സ്ഥാപനമായ കേരള ബാങ്കിന്റെ മനുഷ്യത്വമുഖം പ്രകടനമാക്കി. 100% കരുതൽ വെച്ച നിഷ്ക്രിയ ആസ്തി ഒഴിവാക്കി ബാങ്കിനെ ലാഭത്തിൽ എത്തിക്കാനുള്ള പ്രയത്നം ഒറ്റക്കെട്ടായി നടത്താനും പൊതുയോഗം തീരുമാനിച്ചു.

ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റിലേക്ക് അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന ബൈലോഭേദഗതി, 2021- 22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2021-22 വർഷത്തെ ഓഡിറ്റർ റിപ്പോർട്ട്, അടുത്ത രണ്ട് സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എന്നിവ 1500 ഓളം പ്രതിനിധികൾ പങ്കെടുത്ത പൊതുയോഗം ഐകകണ്ഠേന അംഗീകരിച്ചു. സെപ്റ്റംബർ 28ന് കഴക്കൂട്ടം അൽ സാജ് കൺവെൻഷൻ സെന്ററിൽ നടന്ന പൊതുയോഗത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി.മിനി ആന്റണി ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി.



ബാങ്കിന്റെ വൈസ് പ്രസിഡന്റ്, ശ്രീ.എം. കെ . കണ്ണൻ സ്വാഗതം പറഞ്ഞു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇൻ ചാർജജ്, ശ്രീ.കെ സി സഹദേവൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫഷണൽ ഡയറക്ടർ, ശ്രീ.എസ്. ഹരിശങ്കർ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ.വി. രവീന്ദ്രൻ, ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ, ചീഫ് ജനറൽ മാനേജർമാരായ, ശ്രീ.റോയ് എബ്രഹാം, ശ്രീ.എ.ആർ. രാജേഷ്, ജനറൽ മാനേജർമാർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.



കേരള ബാങ്ക് ഹെഡ്ഡാഫീസിൽ 02-09-2022 ന് നടന്ന ഓണാഘോഷം ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ ഉദ്ഘാടനം ചെയ്യുന്നു.



ഓണാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസിൽ അവതരിപ്പിച്ച തിരുവാതിര

ഓണാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസിൽ അവതരിപ്പിച്ച തിരുവാതിര കാണാനായി ഈ ക്യു.ആർ കോഡ് സ്കാൻ ചെയ്യൂ

# കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ദേശീയ പുരസ്കാരം ഏറ്റുവാങ്ങി



കണ്ണൂർ കതിരൂർ ബാങ്ക് 2022 ലെ ബാങ്കിംഗ് ഫ്രോണ്ടിയേഴ്സ് (FCBA) ദേശീയ തലത്തിൽ നൽകുന്ന മികച്ച സർവ്വീസ് സഹകരണ ബാങ്കിനുള്ള അവാർഡും ഐ.ടി. ലീഡർഷിപ്പ് അവാർഡും മദ്ധ്യപ്രദേശിലെ ഇൻഡോറിൽ നടന്ന ചടങ്ങിൽ ശ്രീ.സുരേഷ് പ്രഭു (ചെയർമാൻ NCDC ) വിൽ നിന്നും ഏറ്റുവാങ്ങി. ബാങ്കിംഗ് രംഗത്തെ നൂതന സംവിധാനങ്ങൾ, നിക്ഷേപ വായ്പ രംഗത്തെ വലിയ പുരോഗതി, ബാങ്കിനെ മികച്ച ലാഭം, ഓഹരി ഉടമകൾക്ക് നൽകുന്ന ലാഭവിഹിതം, സഹകരണ ബാങ്കിംഗ് രംഗത്ത് നൂതന സംവിധാനങ്ങൾ, ഇവ കൂടാതെ പൊതു മേഖലാ ബാങ്കുകൾ ഇടപാടുകാർക്ക് നൽകുന്ന എല്ലാ ഐ.ടി സേവനങ്ങളും ഇടപാടുകാർക്കും നൽകുക, തുടങ്ങി വൈവിധ്യവത്ക്കരണത്തിലൂന്നിയ പ്രവർത്തനങ്ങളാണ് ഈ അവാർഡുകൾ നേടാൻ സഹായിച്ചത് . അംഗങ്ങൾക്ക് 1 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ്, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമാകുന്ന മെമ്പർ മാർക്ക് 1000 രൂപ പ്രതി മാസ പെൻഷൻ, A class മെമ്പർമാർ മരണമടഞ്ഞാൽ വെൽഫെയർ ഫണ്ടിൽ നിന്നും കുടുംബത്തിന് 10000 രൂപ സഹായധനം, കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് 10000/- രൂപ സഹായധനം എന്നിവ ഏർപ്പെടുത്തി ജനങ്ങളുടെ കാവലാളായി ബാങ്ക് പ്രവർത്തിച്ചിട്ടുണ്ട്. സഹകരണ രംഗത്ത് ആദ്യമായി ഒരു മൾട്ടി ജിം & ഫിറ്റ്നസ്സ് സെന്റർ, സൈക്കിൾ ക്ലബ്ബ്, ഫുട്ബോൾ, ക്രിക്കറ്റ് ടർഫ്, സാഹിത്യ മാധ്യമ രംഗത്ത് അവാർഡ്, അംഗങ്ങൾക്ക് ലൈബ്രറി സംവിധാനം എന്നിവ നടപ്പിലാക്കി ബാങ്ക് മാതൃകയായിട്ടുണ്ട്. ഫുട്ബാൾ രംഗത്ത് പ്രതിഭകളെ സംഭാവന ചെയ്യാൻ പ്രശസ്ത ഫുട്ബാൾ താരങ്ങളായ ശ്രീ.സി.കെ.വിനീത് & ശ്രീ.റിനോ ആന്റണി എന്നിവരുമായി ചേർന്ന് ഫുട്ബാൾ അക്കാദമി ആരംഭിച്ചു. ഇത്തരം പ്രവർത്തനങ്ങൾ നടത്തി മാതൃകയായതിനാണ് അവാർഡ് ലഭിച്ചത്. ബാങ്ക് പ്രസിഡന്റ്, ശ്രീ. ശ്രീജിത്ത് ചോയൻ, സെക്രട്ടറി ശ്രീമതി.പി.എം. ഹേമലത, ഡയറക്ടർമാരായ ശ്രീ.കാരായി രാജൻ, ശ്രീ.കെ രാജകുറുപ്പ്, ശ്രീ.സുരേഷ് കെ, ഐ.ടി ഹെഡ് ശ്രീ.ബൈജു കെ, എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. ഐ.ടി.ലീഡർഷിപ്പ് അവാർഡ് ശ്രീ.കെ.ബൈജു ഏറ്റു വാങ്ങി.

# കർഷക ഉല്പാദക സംഘങ്ങൾക്ക് (FPOs) 60 ലക്ഷം രൂപ വരെ വായ്പ

സമൂഹത്തിൽ കർഷകരുടെ നിലവാരം ഉയർത്തുക, സംഘടനാശേഷിയും വരുമാനവും വർദ്ധിപ്പിക്കുക, രാജ്യത്ത് കാർഷിക അഭിവൃദ്ധി ഉണ്ടാക്കുക എന്നീ ലക്ഷ്യത്തോടെയാണ് കർഷക ഉല്പാദക സംഘങ്ങൾ വഴി കേരള ബാങ്ക് വായ്പ അനുവദിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറഞ്ഞ ഉല്പാദന ചെലവിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാനും, മെച്ചപ്പെട്ട വിപണി സാധ്യതകൾ കണ്ടെത്തുന്നതിനും FPO വായ്പ കർഷകരെ സഹായിക്കും.

പരമാവധി 60 ലക്ഷം രൂപ അല്ലെങ്കിൽ FPO യുടെ അറ്റലാഭത്തിന്റെ 6 ഇരട്ടിയാണ് വായ്പ അനുവദിക്കുന്നത്. 9 ശതമാനം പലിശയിൽ പരമാവധി 8 വർഷത്തേയ്ക്ക് ടേം ലോണായിട്ടാണ് വായ്പ നൽകുന്നത്. വർക്കിംഗ് ക്യാപിറ്റൽ ആയും വായ്പ അനുവദിക്കും. FPO കളുടെ കീഴിലുള്ള അംഗങ്ങളും, ഓഹരി ഉടമകളുമായ കർഷകർ, പാൽ ഉല്പാദകർ, കോഴി /മത്സ്യ കർഷകർ എന്നിവർക്ക് ഈ വായ്പയുടെ പ്രയോജനം ലഭിക്കും.




കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകരിൽ 97% വും വളരെ കുറച്ച് കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരിൽ ഉൾപ്പെട്ടുന്നവരാണ്. ലാഭകരമായി കൃഷി ചെയ്യാനുള്ള സാധ്യതയോടൊപ്പം യന്ത്രവത്കരണം, വിളകളുടെ വിറ്റഴിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിറ്റഴിക്കൽ തുടങ്ങിയ സാധ്യതകളെയും ഈ സ്ഥലപരിമിതി സാരമായി ബാധിക്കുന്നു. ഇത് ഒഴിവാക്കി കാർഷികോൽപ്പന്നങ്ങളുടെ നിർമ്മാതാക്കളായ ചെറുകർഷകർക്ക് ഒന്നിച്ച് ചേർന്ന് ഗ്രൂപ്പുകൾ രൂപീകരിക്കാനും, വിസ്തൃതമായ കൃഷിയിടത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കാനും കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണത്തിലൂടെ സാധിക്കുന്നു.

# വായ്പക്കാരന്റെ മർദ്ദനമേറ്റ് ചികിത്സയിൽ കഴിയുന്ന കളക്ഷൻ ഏജന്റിന് കേരളാ ബാങ്കിന്റെ സഹായം



എറണാകുളം മൂവാറ്റുപുഴ ടൗൺ ബ്രാഞ്ചിലെ കളക്ഷൻ ഏജന്റായ ശ്രീ എൽദോസ് ആണ് വായ്പ്പക്കാരന്റെ മർദ്ദനത്തിന് ഇരയായത്. ലോൺ കളക്ഷൻ എടുക്കുന്നതിനായി വായ്പക്കാരനെ സമീപിച്ചപ്പോൾ അയാൾ അസഭ്യം പറയുകയും തുടർന്ന് ശ്രീ.എൽദോസിനെ പിന്തുടർന്ന് മർദ്ദിക്കുകയുമായിരുന്നു. ബോധരഹിതനായ അദ്ദേഹത്തെ മറ്റുള്ള ജീവനക്കാരും അടുത്തുള്ള വ്യാപാരികളും ചേർന്ന് കോലഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയായിരുന്നു. തോളെല്ലിനു സാരമായ പരിക്ക പറ്റിയ ശ്രീ. എൽദോസിനെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ശ്രീ.എൽദോസിനെ സന്ദർശിക്കുകയും ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ബാങ്ക് നൽകുകയും ചെയ്തു.

ജീവനക്കാരനെ മർദ്ദിച്ച വ്യാപാരിക്കെതിരെ മൂവാറ്റുപുഴ പോലീസ് ജാമ്യമില്ലാ വകുപ്പുകൾ ചാർജ്ജ് ചെയ്ത് അന്വേഷണം ആരംഭിച്ചു.

## നാല് അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനം കൂടി പി.എസ്.സിക്ക്

സഹകരണ മേഖലയിലെ നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാനായി അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൂർണമായി പി.എസ്.സി.ക്ക് കൈമാറുന്നു. കേരള ബാങ്ക് ഉൾപ്പെടെ 15 സഹകരണ സ്ഥാപനങ്ങളുടെ നിയമനമാണ് ഇതുവരെ പി.എസ്.സി.ക്ക് വിട്ടത്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാല് അപ്പക്സ് സ്ഥാപനങ്ങളുടെ നിയമനം ഇപ്പോഴും ഭരണസമിതിയായിരുന്നു. ഇത് മാറ്റി എല്ലാ സഹകരണ അപ്പക്സ് സ്ഥാപനങ്ങളുടെ നിയമനവും പി.എസ്.സി.ക്ക് വിടാനാണ് തീരുമാനം.

കേരള സംസ്ഥാന സഹകരണ വനിത ഫെഡറേഷൻ (വനിതഫെഡ്), സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്), സംസ്ഥാന സഹകരണ ലേബർ ഫെഡറേഷൻ (ലേബർഫെഡ്), സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ (ഹോസ്പിറ്റൽ ഫെഡ്) എന്നിവയാണ് പുതുതായി നിയമനം പി.എസ്.സി.ക്ക് വിടുന്ന സ്ഥാപനങ്ങൾ.

നിയമനത്തിൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സംവരണം നാല് ശതമാനമാക്കി. മെഡിക്കൽ ബോർഡ് 40 ശതമാനത്തിന് മുകളിൽ വൈകല്യം റിപ്പോർട്ട് ചെയ്തവർക്കാണ് സംവരണം ലഭിക്കുക. സംവരണത്തിന്റെ റൊട്ടേഷനും നിശ്ചയിച്ചു. നിയമനത്തെ 20 പേരുടെ ഒരു യൂണിറ്റാക്കി കണക്കാക്കിയാണ് സംവരണം നിശ്ചയിക്കുക. നാലാമത്തെയും 14-ാമത്തെയും നിയമനം പട്ടിക വിഭാഗ സംവരണമാകും. പത്താമത്തെ നിയമനം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുമാകും. സഹകരണ ജീവനക്കാർക്കായി പ്രത്യേക സർവീസ് ചട്ടം തയ്യാറാക്കുന്നതുവരെ സർക്കാരിന്റെ സർവീസ് ചട്ടം ബാധകമാകുമെന്ന വ്യവസ്ഥയും കരട് നിയമഭേദഗതിയിൽ ഉൾപ്പെടുത്തി. സഹകരണ ജീവനക്കാർക്ക് സർവീസ് ചട്ടം തയ്യാറാക്കുന്നതിന് സർക്കാർ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്.





തൃശ്ശൂർ റീജിയണൽ ഓഫീസിന്റെയും സിപിസിയുടെയും സംയുക്ത ഓണാഘോഷം ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ.കണ്ണൻ, എക്സ് MLA ഉദ്ഘാടനം ചെയ്യുന്നു



തിരുവനന്തപുരം റീജിയണൽ ഓഫീസിൽ കലാസമിതിയുടെ നേതൃത്വത്തിൽ നടന്ന ഓണാഘോഷം കേരള ബാങ്ക് സിജിഎം ശ്രീ.കെ.സി. സഹദേവൻ ഉദ്ഘാടനം ചെയ്യുന്നു.






ആലപ്പുഴ സിപിസിയുടെയും റീജിയണൽ ഓഫീസിന്റെയും സംയുക്ത ഓണാഘോഷം



കേരള ബാങ്ക് ഹെഡ്ഡാഫീസിൽ സംഘടിപ്പിച്ച ഓണാഘോഷത്തിന്റെ ഭാഗമായ പൂക്കളമത്സരത്തിൽ ഒരുക്കിയ അത്തപ്പൂക്കളങ്ങൾ



കൊല്ലം സിപിസിയുടെ ഓണാഘോഷം



കേരള ബാങ്ക് പാലക്കാട് റീജിയനൽ ഓഫീസിലെ ഓണാഘോഷം ബാങ്ക് ഡയറക്ടർ ശ്രീ.എ പ്രഭാകരൻ, എം.എൽ.എ യും ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ .പി .എ ഉമ്മറും ചേർന്ന് ഉദ്ഘാടനം ചെയ്തു. ശ്രീ.പി.എ ഉമ്മർ ഓണസന്ദേശം നൽകി.പൂക്കള മത്സര വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.



കേരള ബാങ്കിന്റെ ഇടുക്കി സിപിസി ആസ്ഥാനത്ത് നടന്ന ഓണാഘോഷ പരിപാടി സിപിസി-യിലെ മുതിർന്ന ജീവനക്കാരി ശ്രീമതി ലിസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കേരള ബാങ്കിന്റെ മുഴുവൻ ശാഖകളിലും വിപുലമായ ഓണാഘോഷ പരിപാടികളാണ് ഇത്തവണ സംഘടിപ്പിച്ചത്.

മാവേലി, ഓണപ്പാട്ട്, ഓണസദ്യ, വടംവലി, ഉറിയടി, റൊട്ടി കടി, മിഠായി പെറുക്കൽ, കസേരകളി, സുന്ദരിക്ക് പൊട്ടുകുത്തൽ, തുടങ്ങി വിവിധ പരിപാടികളാണ് ഇടുക്കി സിപിസിയിൽ സംഘടിപ്പിച്ചത്. ബാങ്ക് ഡയറക്ടർ ശ്രീ കെ വി ശശി ഓണസന്ദേശം നൽകി. കോട്ടയം റീജിയണൽ ജനറൽ മാനേജർ ശ്രീ പ്രിൻസ് ജോർജ് ആശംസകൾ അറിയിച്ചു. സിപിസി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ സജിത്ത് കെ.എസ് അധ്യക്ഷനായിരുന്നു.



സിപിസി കണ്ണൂർ





കേരള ബാങ്ക് ക്ഷീരസംഘങ്ങൾ വഴി നടപ്പിലാക്കുന്ന ക്ഷീര മിത്ര KCC വായ്പയുടെ വിതരണ ഉദ്ഘാടനം പാലക്കാട് റീജിയനൽ ജനറൽ മാനേജർ ഇൻ ചാർജ് ശ്രീമതി പ്രീത കെ മേനോൻ നിർവഹിച്ചു. പെരുവെമ്പ് ക്ഷീര സഹകരണ സംഘത്തിലെ അംഗങ്ങൾക്കാണ് പാലക്കാട് റീജിയനിലെ ആദ്യ ക്ഷീര മിത്രവായ്പ ബാങ്കിന്റെ മുറിക്കാവ് ശാഖയിൽ നിന്ന് വിതരണം ചെയ്തത്. പെരുവെമ്പ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എസ്.ഹംസത്ത്, പെരുവെമ്പ് ക്ഷീര സഹകരണ സംഘം പ്രസിഡന്റ് ശ്രീ. വി. ജയരാമൻ, സി.പി.സി. ഡി ജി എം, ശ്രീമതി. ദീപ ജോസ്, വെറ്റിനറി സർജൻ ഡോ. ജ്യോതിഷ് ശങ്കർ എന്നിവർ പങ്കെടുത്തു.



കോഴിക്കോട് റീജിയണൽ ഓഫീസിന്റെയും സിപിസിയുടെയും സംയുക്ത ഓണാഘോഷം

# Transforming Villages.
# Ensuring Prosperity.




NABARD

**Development Bank of the Nation**

www.nabard.org /nabardonline


Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905